# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുതുകുളം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/ALP/BP/1411/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുതുകുളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-10,1-12 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (എയിംസ് മുഖേന)
2.ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ
3.ഓഫീസ് പകർപ്പ്

നമ്പർ: KSA/ALP/BP/1411/23 തീയ്യതി: 23/12/2023

## ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിജയകുമാർ എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 23-11-2023 | 01-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-11-2023 | 01-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വിജയകുമാർ എൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.ദീപ കെ ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (20.11.2023 മുതൽ)
ശ്രീ.ഉണ്ണികൃഷ്ണൻ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. അംബുജാക്ഷി ടീച്ചർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ലിജുമോൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ശ്യാംകുമാർ | പട്ടിക ജാതി വികസന ഓഫീസർ | 05-07-2022 | 31-03-2023 |
| ശ്രീ. അഞ്ചിത്ത് ബി മോഹൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി രശ്മി.എൻ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 12-09-2022 |
| ശ്രീമതി . ബ്ലെയിസ് മേരി ബി | അസിസ്റ്റന്റ് എൻജിനീയർ | 12-09-2022 | 31-03-2023 |
| ശ്രീമതി.രജീന ജേക്കബ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 31-03-2023 |
| ഡോ.ലേഖ | മെഡിക്കൽ ഓഫീസർ | 14-06-2022 | 31-03-2023 |
| ശ്രീമതി ലക്ഷ്മി എൽ. | സിഡിപിഒ | 01-04-2022 | 31-03-2023 |
| ശ്രീമതി ജിജി ജോൺ | സിഡിപിഒ(അഡീഷണൽ) | 01-04-2022 | 31-03-2023 |
| ശ്രീ.ജയൻ ആർ. | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 01-08-2022 |
| ശ്രീ.ഉണ്ണികൃഷ്ണൻ എസ്. | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 02-08-2022 | 31-03-2023 |
| ശ്രീമതി പ്രിയ വി.എൻ. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.തനൂജ എസ്. | മെഡിക്കൽ ഓഫീസർ | 01-04-2022 | 14-06-2022 |
| ശ്രീമതി മിനി എബ്രഹാം | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 04-07-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കുകളിൽ ഉൾപ്പെടുന്നില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകൾ -മുൻകൂറുകൾ എന്ന നിലക്ക് വാർഷികകണക്കിൽ ഉൾപ്പെടുത്തുന്നില്ല | 1-1-3 |
| 5 | വാഹനത്തിന്റെ വിലയിൽ അധികമായി ഡിപ്രീസിയേഷൻ ഉൾപ്പെടുത്തി | 1-1-4 |
| 6 | വാടക കണക്കുകളിൽ അവ്യക്തത | 1-1-5 |
| 7 | അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ഉൾപ്പെടുന്നില്ല | 1-1-7 |
| 9 | AIMS പോർട്ടലിൽ ഉൾപ്പെടുത്തിയ കണക്കുകൾ 2017-18 ലേതാണ് | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (റെസീറ്റ് ആൻഡ് പേയ്മെന്റ് അക്കൌണ്ട് പ്രകാരം) | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം (വാർഷിക കണക്കുകൾ പ്രകാരം) | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 16 | വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല | 1-8 |
| 17 | വാടകക്ക് നൽകുന്ന സ്ഥാപനങ്ങളുമായുള്ള കരാർ യഥാസമയം പുതുക്കുന്നില്ല | 1-9 |
| 18 | വാടകയോടൊപ്പം ജി.എസ്.റ്റി ഈടാക്കുന്നില്ല | 1-9-1 |
| 19 | വ്യവസായ കോംപ്ലക്സ് കെട്ടിടം- പുനർലേലം ചെയ്തില്ല | 1-10 |
| 20 | ഇ-ടെണ്ടർ ഫീസ് - തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-11 |
| 21 | വാട്ടർ അതോറിറ്റി റീ-ഫണ്ട് ചെയ്ത തുക സർക്കാരിലേക്ക് ഒടുക്കിയില്ല | 1-12 |
| 22 | ജി.എസ്.റ്റി- ടിഡിഎസ് കുറവ് ചെയ്യാതെ പേയ്മെന്റ് നൽകി | 1-13 |
| 23 | ഇൻസുലീൻ പൂർണ്ണമായും ലഭ്യമായില്ല | 1-14 |
| 24 | സർക്കാർ / എയ്ഡഡ് സ്കൂളുകൾക്ക് എയ്റോബിക് കംപോസ്ററ് യൂണിറ്റ് നിർമ്മാണം - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചു - പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചില്ല | 1-15 |

| | | |
|---|---|---|
| 25 | വ്യവസായ കോംപ്ലക്സിൽ വനിതകൾക്ക് വിശ്രമ മുറി നിർമ്മാണം - ആവശ്യകത നിർണ്ണയിക്കാതെയുള്ള നിർമ്മാണം | 1-16 |
| 26 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത കാര്യങ്ങൾക്ക് വികസന ഫണ്ട് ചെലവഴിക്കുന്നു | 1-17 |
| 27 | കുടിവെള്ള പദ്ധതി ഗ്രാമപഞ്ചായത്തുകൾ മുഖാന്തിരം നടത്തിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 28 | ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-19 |
| 29 | പഠനമുറി നിർമ്മാണം - പൂർത്തീകരിച്ചില്ല | 1-20 |
| 30 | പട്ടികജാതി വിഭാഗക്കാർക്ക് കറവമാട് വാങ്ങുന്നതിന് ധനസഹായം - വിറ്റവരുടെ അക്കൌണ്ടിലേക്ക് സബ്സിഡി തുക നൽകുന്നതിന് പകരം കറവമാട് ലഭിച്ചവരുടെ അക്കൌണ്ടിലേക്ക് തുക നൽകി | 1-21 |
| 31 | വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ ധനസഹായം - സബ്സിഡി തുക മുൻകൂറായി നൽകി | 1-22 |
| 32 | ചുമതലകളിൽപ്പെടാത്ത ആവശ്യത്തിന് കേരള വാട്ടർ അതോറിറ്റിക്ക് പണം നൽകി | 1-23 |
| 33 | സഞ്ചരിക്കുന്ന പാൽക്കാരി - ക്ഷീരസംഘങ്ങൾക്ക് കറവയന്ത്രവും ഇരുചക്രവാഹനവും - സബ്സിഡിയായി നൽകിയ തുകയുടെ ആധികാരികത ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല | 1-24 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സർക്കാർ / എയ്ഡഡ് സ്കൂളുകൾക്ക് എയ്റോബിക് കംപോസ്റ്റ് യൂണിറ്റ് നിർമ്മാണം - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചു - പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചില്ല. | 3-1 |
| 2 | വ്യവസായ കോംപ്ലക്സിൽ വനിതകൾക്ക് വിശ്രമ മുറി നിർമ്മാണം - ആവശ്യകത നിർണ്ണയിക്കാതെയുള്ള നിർമ്മാണം | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-7 |

| | | |
|---|---|---|
| 8 | ചാർജ് സർച്ചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I)1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215 (4), കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.07.2023-ലെ ജനറൽ കമ്മറ്റി തീരുമാനം 2(1) പ്രകാരം തയ്യാറാക്കി 27.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II)കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ആലപ്പുഴ

23.12.2023

### 1-1-1 കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കുകളിൽ ഉൾപ്പെടുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെപ്പറയുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

A)റേഷ്യോസ്

B)അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകൾ

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകൾ -മുൻകൂറുകൾ എന്ന നിലക്ക് വാർഷികകണക്കിൽ ഉൾപ്പെടുത്തുന്നില്ല

നിക്ഷേപ പ്രവൃത്തികൾക്കുവേണ്ടി വിവിധ നിർവ്വഹണ ഏജൻസികൾക്ക് പണം മുൻകൂറായി നൽകിയെങ്കിലും, പ്രസ്തുത തുകകൾ അഡ്വാൻസ് എന്ന നിലക്ക് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. മുൻവർഷം നൽകിയ മുൻകൂർ നിക്ഷേപങ്ങളിൽ പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്നവ ഇപ്രകാരം വാർഷിക കണക്കുകളിലെ അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ്-പ്രയർ പിരീഡ് എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-4 വാഹനത്തിന്റെ വിലയിൽ അധികമായി ഡിപ്രീസിയേഷൻ ഉൾപ്പെടുത്തി

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള വാഹനങ്ങളുടെ ആസ്തിയായി ഉൾപ്പെടുത്തിയ മൂല്യത്തിൽ കൂടുതൽ മൂല്യശോഷണത്തിന് തുക ചേർത്താണ് വാർഷികകണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്. ഇത് അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

### 1-1-5 വാടക കണക്കുകളിൽ അവ്യക്തത

ബ്ലോക്ക് പഞ്ചായത്തിന്റെ വാടകയുടെ ഡിമാന്റ്, തൻവർഷത്തെ വരവ് എന്നിവ തൻ വർഷത്തെ വാടക രജിസ്റ്ററിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. മാത്രമല്ല വാടകയിനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക, വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഖണ്ഡിക നമ്പർ 1-8 കൂടി കാണുക.

### 1-1-6 അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈ ഇനങ്ങളിൽ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

### 1-1-7 തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ഉൾപ്പെടുന്നില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിക്കുന്ന ഭരണ ചെലവുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുന്നില്ല.

### 1-1-8 AIMS പോർട്ടലിൽ ഉൾപ്പെടുത്തിയ കണക്കുകൾ 2017-18 ലേതാണ്

ഓഡിറ്റ് വകുപ്പിന്റെ AIMS പോർട്ടലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബാലൻസ് ഷീറ്റ്, റസീറ്റ് ആൻഡ് പേയ്മെന്റ് അക്കൌണ്ട് എന്നിവ 2017-18 വർഷത്തേതാണ്. ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൌണ്ട് മാത്രമാണ് കൃത്യമായി ലഭ്യമാക്കിയിട്ടുള്ളത്.

വാർഷിക കണക്കുകൾ സംബന്ധിക്കുന്ന അപാകങ്ങൾ സ്ഥാപനത്തെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-5/28.11.23 മുഖാന്തിരം അറിയിച്ചിരുന്നു. ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശങ്ങൾ ഉൾപ്പെടുത്തിയത്.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 30.03.2023-ലെ 1(1)നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു

| ഇനം | വരവ് | ചെലവ് |
|---|---|---|
| രജിസ്റ്റർ പ്രകാരം | 83,37,83,000 | 83,37,83,000 |
| ഇൻകം & എക്സ്പെൻഡീച്ചർ പത്രിക പ്രകാരം | 6,69,97,477 | 7,70,45,821 |

## 1-3 സാമ്പത്തിക വിശകലനം (റെസീറ്റ് ആൻഡ് പേയ്മെന്റ് അക്കൌണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,83,95,745 |
| വരവ് | 7,84,87,424 |
| ആകെ | 10,68,83,169 |
| ചെലവ് | 8,98,28,102 |
| നീക്കിയിരിപ്പ് | 1,70,55,067 |

## 1-4 ഗ്രാന്റ് വിനിയോഗം (വാർഷിക കണക്കുകൾ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 3,40,39,000 | 3,40,39,000 | 3,01,62,798 | 38,76,202 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,40,66,000 | 1,40,66,000 | 1,26,07,216 | 14,58,784 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1,45,000 | 1,45,000 | 1,45,000 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 82,56,000 | 82,56,000 | 47,57,196 | 34,98,804 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) ട്രഷറി | 0 | 26,815 | 26,815 | 0 | 26,815 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) ബാങ്ക് | 1,15,177 | 56,95,579 (പലിശ 2,07,579 ഉൾപ്പെടെ) | 58,10,756 | 48,16,500 | 9,94,256 (നീക്കിയിരിപ്പ്) |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ട്രഷറി | 0 | 11,19,991 | 11,19,991 | 0 | 11,19,991 |

| | | | | | |
|---|---|---|---|---|---|
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ബാങ്ക് | 16,53,649 | 82,32,000 | 98,85,649 | 60,57,693 | 38,27,956 (നീക്കിയിരിപ്പ്) |

## 1-5 പദ്ധതി അവലോകനം

പതിനാലാം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ട് 2022-23 ൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി ചെലവ് (രൂപ) | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കാത്ത പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 77 | 8,23,92,346 | 59 | 5,58,62,443 | 17 | 42 | 18 | 76.6 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ്-ചെലവ് കണക്കുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ബ്ലോക്ക് പഞ്ചായത്ത് വ്യവസായ കോംപ്ലക്സിലെ കട മുറികളിൽ നിന്നുള്ള വാടക പിരിക്കുന്നതിൽ ഗുരുതരമായ അനാസ്ഥ. ഭീമമായ തുക കുടിശ്ശികയായി നിലനിൽക്കുന്നു. വാടക കരാർ യഥാസമയം പുതുക്കുന്നില്ല.

2. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4.കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-8 വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ വ്യവസായ കോംപ്ലക്സ് വാടകയ്ക്ക് എടുത്ത് പ്രവർത്തിച്ചുവരുന്ന നിരവധി സ്ഥാപനങ്ങൾ ഓഡിറ്റ് വർഷവും മുൻ വർഷവും വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട്. സ്ഥാപനങ്ങൾ നടത്തുന്നവരിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിന് ഫലപ്രദമായ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. മികച്ച രീതിയിൽ വ്യവസായ കോംപ്ലക്സിൽ പ്രവർത്തിക്കുന്നവർപോലും കുടിശ്ശികക്കാരിലുണ്ട്. 2023 മാർച്ച് വരെയുള്ള കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര്/ സ്ഥാപനം | കുടിശ്ശിക വരുത്തിയ കാലയളവ് | വാടക കുടിശ്ശിക |
|---|---|---|
| മിനി കലാധരൻ / | 2021 മാർച്ച് മുതൽ 2023 | 74640 |

| | | |
|---|---|---|
| ധന്യ മിൽസ് | മാർച്ച് വരെ | |
| നന്ദു/ധന്യ മിൽസ് | 2022 നവംബർ മുതൽ 2023 മാർച്ച് വരെ | 16000 |
| പിങ്കി അഭിലാഷ്/ കാഗസ് പേപ്പർ | 2022 ഡിസംബർ മുതൽ 2023 മാർച്ച് വരെ | 8820 |
| രമ്യ രാജു/ആദ്യൂസ് | 2023 മാർച്ച് | 6500 |
| ആകെ | | 105960 |

പഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം 105960 രൂപ കുടിശ്ശികയുണ്ടെങ്കിലും വാർഷിക കണക്കുകളിൽ തൻവർഷ കുടിശ്ശിക 60999 രൂപ മാത്രമാണ് ഉൾപ്പെടുന്നത്. കഴിഞ്ഞ വർഷത്തെ കുടിശ്ശിക സംബന്ധിക്കുന്ന വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുന്നില്ല. കുടിശ്ശിക പൂർണ്ണമായും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-9 വാടകക്ക് നൽകുന്ന സ്ഥാപനങ്ങളുമായുള്ള കരാർ യഥാസമയം പുതുക്കുന്നില്ല

വ്യവസായ കോംപ്ലക്സിൽ 5 സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നു. എന്നാൽ വർഷാവർഷം ഈ സ്ഥാപനങ്ങളൊന്നും ബ്ലോക്ക് പഞ്ചായത്തുമായുള്ള നിയമാനുസൃത കരാർ പുതുക്കുന്നില്ല. കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം നിയമാനുസൃത കരാർ പുതുക്കിവേണം ആസ്തികൾ വാടകക്ക് കൈമാറുന്നത് തുടരേണ്ടത്. അപാകം പരിഹരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-9-1 വാടകയോടൊപ്പം ജി.എസ്.റ്റി ഈടാക്കുന്നില്ല

വാണിജ്യാവശ്യങ്ങൾക്കായി കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്ന സംഗതിയിൽ, വാടകയിന്മേൽ ജി.എസ്.റ്റി ഈടാക്കേണ്ടതുണ്ട്. ഇത് കെട്ടിടം വാടകയ്ക്ക് എടുക്കുന്ന ആളിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനം ഈടാക്കി സർക്കാരിലേക്ക് ഒടുക്കുകയാണ് വേണ്ടത്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ വാടക രജിസ്റ്റർ പ്രകാരം ജി.എസ്.ടി ചിലരിൽ നിന്നു മാത്രം ഈടാക്കുന്നതായും മറ്റുചിലരെ ഒഴിവാക്കുന്നതായും കാണുന്നു. വാടക രജിസ്റ്റർ അപൂർണ്ണമായതിനാൽ ഈടാക്കേണ്ട ജി.എസ്.റ്റി.യുടെ കൃത്യത പരിശോധിച്ചുറപ്പാക്കാനായില്ല. വാടക ഈടാക്കുമ്പോൾ വാടകയോടൊപ്പം 18% ജി.എസ്.ടി കൂട്ടി ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 വ്യവസായ കോംപ്ലക്സ് കെട്ടിടം- പുനർലേലം ചെയ്തില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ വ്യവസായ കോംപ്ലക്സിൽ പ്രവർത്തിച്ചിരുന്ന മേവിളം എന്റർപ്രൈസസ് എന്ന സ്ഥാപനം 2023 ജനുവരി മാസം പ്രവർത്തനം അവസാനിപ്പിച്ചു. ടി സ്ഥാപനത്തിന്റെ വാടക പൂർണ്ണമായും ലഭ്യമായിരുന്നോയെന്ന വിവരം രജിസ്റ്ററിൽ ലഭ്യമല്ല. സാമ്പത്തിക വർഷം അവസാനിക്കാൻ മൂന്ന് മാസങ്ങൾ മാത്രം ശേഷിക്കുമ്പോൾ കെട്ടിടം ഒഴിഞ്ഞത്, ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമുണ്ടാക്കിയിട്ടുണ്ട്. മുൻകൂർ വാടകയിൽ നിന്ന് നഷ്ടം ഈടാക്കിയിരുന്നോയെന്നതും വ്യക്തമല്ല. 5/581 A എന്ന കെട്ടിട നമ്പരോടുകൂടിയ 2500 ചതുരശ്ര അടി വിസ്തൃതിയുമുള്ള ഈ സ്ഥലം പുനർലേലം ചെയ്യുന്നതിന് നാളിതുവരെയും നടപടികൾ സ്വീകരിച്ചില്ല. പ്രസ്തുത സ്ഥാപനം ഉപയോഗിച്ചിരുന്ന കെട്ടിടം പുനർലേലം ചെയ്ത് കരാർ പ്രകാരം കൈമാറുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 ഇ-ടെണ്ടർ ഫീസ് - തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ കരീലക്കുളങ്ങര ശാഖയിൽ 29/07/2019 ൽ കറന്റ് അക്കൗണ്ട് ആരംഭിച്ചുവെങ്കിലും പ്രസ്തുത അക്കൗണ്ടിൽ 2/2/22 മുതലാണ് ടെണ്ടർ ഫീസ്

ക്രെഡിറ്റ് ആയിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിലെ 28.10.23 ലെ നീക്കിയിരുപ്പ് 128599/-രൂപയാണ്. എന്നാൽ ടി തുക ബ്ലോക്ക് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ള ടെണ്ടർ ഫീസ് തുകയുടെ കൃത്യത പ്രതിമാസ/പ്രതിവർഷ കളക്ഷൻ റിപ്പോർട്ടുമായി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

ബാങ്ക് ചാർജ്ജസ് എന്ന് രേഖപ്പെടുത്തി ടി അക്കൗണ്ടിൽ നിന്നും 26008/- രൂപ ബാങ്ക് ഈടാക്കിയിട്ടുള്ളതായി കാണുന്നു. (02.02.22 മുതൽ 28.10.23 വരെയുള്ള കാലയളവിൽ) എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളിൽ നിന്നും ഇത്തരത്തിൽ തുകകൾ ഈടാക്കാവുന്നതല്ല.

1.02.22 വരെയുള്ള കാലയളവിലെ ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള തുക എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടി ഇനത്തിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുക തിരികെ ലഭ്യമാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/23.11.23) നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ അക്കൗണ്ട് മാപ്പ് ചെയ്യുന്നതിലുണ്ടായ താമസ്സം മൂലമാണ് തുക ക്രെഡിറ്റ് ചെയ്യാൻ വൈകിയതെന്നും, ബാങ്ക് ചാർജ്ജിനത്തിൽ ഈടാക്കിയ തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും, ആയത് ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്ന തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നടപടികൾ ത്വരിതപ്പെടുത്തി തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 വാട്ടർ അതോറിറ്റി റീ-ഫണ്ട് ചെയ്ത തുക സർക്കാരിലേക്ക് ഒടുക്കിയില്ല

വാർഷിക കണക്കുകളിലെ ബാധ്യത ഹെഡ്ഡ് 350400701 പ്രകാരം 334214 രൂപ 23-06-22 ൽ ബ്ലോക്ക് പഞ്ചായത്ത് അക്കൌണ്ടിൽ വരവ് വന്നിട്ടുണ്ട്. ലെഡ്ജറിലെ രേഖപ്പെടുത്തലുകൾ പ്രകാരം SC കോളനിയിൽ RO പ്ലാന്റ് നിർമ്മിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയിൽ നിർവ്വഹണത്തിന് ശേഷം തിരികെ ലഭിച്ച തുകയാണിത്. പ്രോജക്റ്റ് സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നടപ്പിലാക്കിയ വർഷം : 2017-18

പ്രോജക്റ്റിന്റെ നമ്പർ : S0022/18

പ്രോജക്റ്റിന്റെ പേര് : പട്ടികജാതി കോളനിയിൽ RO പ്ലാന്റ്

പ്രോജക്റ്റ് ചെലവ് : 1400000

ഫണ്ടിനം : വികസനഫണ്ട് SCP

വികസന ഫണ്ടിൽ നിന്നുള്ള ചെലവാകയാൽ നിർവ്വഹണത്തിന് ശേഷം ബാക്കി വന്ന തുക സർക്കാരിലേക്ക് ഒടുക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-13 ജി.എസ്.റ്റി- ടിഡിഎസ് കുറവ് ചെയ്യാതെ പേയ്മെന്റ് നൽകി

| | |
|---|---|
| പ്രോജക്റ്റ് നം. | S0091/23 |
| പ്രോജക്റ്റിന്റെ പേര് | ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ |
| ഫണ്ട് | ഹെൽത്ത് ഗ്രാന്റ് |
| അടങ്കൽ | 1677332 |

| | |
|---|---|
| ചെലവ് | 1034836 |
| PFMS ട്രാൻസാക്ഷൻ ID | C032382414366 |

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് മുതുകുളം സി.എച്ച്.സിക്ക് ബയോ കെമിസ്ട്രി അനലൈസർ വാങ്ങിയിട്ടുണ്ട്. GEM മുഖാന്തിരം ട്രാൻസാനിയ ബയോ മെഡിക്കൽസ് മുംബൈ എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഉപകരണം വാങ്ങിയിട്ടുള്ളത്. ഉപകരണത്തിന്റെ ആകെ വില 665000/- ഉം ജിഎസ്റ്റി കൂടാതെയുള്ള വില 563559/- രൂപയുമാണ്. സർക്കാർ വകുപ്പുകൾ/ പ്രാദേശിക സർക്കാരുകൾ തുടങ്ങിയവർ തങ്ങൾക്ക് കിട്ടിയ ചരക്ക് സേവനങ്ങൾക്കുള്ള പേയ്മെന്റിൽ നിന്നും, അത് 2.5 ലക്ഷത്തിനുമുകളിലുള്ളതാണെങ്കിൽ സ്രോതസ്സിൽ നിന്ന് 2% ശതമാനം GST (ഇവിടെ 1 GST) പിടിച്ച് ജി.എസ്.ടി വകുപ്പിൽ ഒടുക്കേണ്ടതാണ്. എന്നാൽ സെക്രട്ടറി നിർവഹണം നടത്തിയ പ്രസ്തുത പ്രോജക്റ്റിൽ നിന്നും നിയമാനുസൃതമായി കുറവ് ചെയ്യേണ്ട ഐ.ജി.എസ്.റ്റി. ടി.ഡി.എസ്. വിഹിതം (2%) കുറവ് ചെയ്തിട്ടില്ല. അപാകങ്ങൾ തുടർ വർഷങ്ങളിൽ പരിഹരിക്കേണ്ടതാണ്.

1-14 ഇൻസുലിൻ പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | S0019/23 |
| പ്രോജക്റ്റിന്റെ പേര് | മുതുകുളം സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| അടങ്കൽ | 25,00,000 |
| ഇൻസുലിൻ വാങ്ങിയ ചെലവ് | 4,83,756 |
| ബിൽ നം., തീയതി | 170: 09-02-23 |

മുതുകുളം സി.എച്ച്.സിക്ക് ആവശ്യമുള്ള ഇൻസുലിൻ കെ.എം.എസ്.സി.എൽ മുഖാന്തിരം വാങ്ങുന്നതിന് പ്രോജക്റ്റ് തയ്യാറാക്കി 483756 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. 2-08-23 വരെയുള്ള കണക്കുകൾ പ്രകാരം 92,155/- രൂപക്കുള്ള ഇൻസുലിൻ മാത്രമാണ് ലഭ്യമായത്. 391601 രൂപക്കുള്ള ഇൻസുലിൻ ഇനിയും ലഭിക്കേണ്ടതായിട്ടുണ്ട്. (പ്രഫോർമ ഇൻവോയിസ് PRF 3694). മുഴുവൻ തുകയ്ക്കുമുള്ള ഇൻസുലിൻ ലഭ്യമാക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 സർക്കാർ / എയ്ഡഡ് സ്കൂളുകൾക്ക് എയ്റോബിക് കംപോസ്റ്റ് യൂണിറ്റ് നിർമ്മാണം - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചു - പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | S0083/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | : | ഷാജിലാൽ.വി |
| എം.ബുക്ക് നം. | : | 13/20-21 |
| എഗ്രീഡ് പിഎസി | : | 933807/- |
| പ്രവൃത്തി മൂല്യം | : | 1003377/- |
| ബിൽ നം. | : | 847548/-(29.3.22)<br>155829/-(117/16.12.22) |

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ പ്രസ്തുത പദ്ധതി പ്രകാരം താഴെ

പറയുന്ന നാലു സ്കൂളുകളിൽ കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

1. കെ.എൻ.എം.ഗവ.യു.പി സ്കൂൾ, പുതുപ്പള്ളി.

2. ഗവ.യു.പി.സ്കൂൾ,പുതുപ്പള്ളി.

3. കൊല്ലക യു.പി സ്കൂൾ, മുതുകുളം.

4. മുകുന്ദവിലാസം എൽ.പി.സ്കൂൾ, കണ്ടല്ലൂർ.

പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ഗവ.യു.പി.സ്കൂൾ, പുതുപ്പള്ളി, കൊല്ലക യു.പി സ്കൂൾ, മുതുകുളം എന്നിവയ്ക്ക് സ്ഥല സൗകര്യമില്ലാത്തതിനാൽ പകരം ചൂളൂർ യു.പി.സ്കൂൾ, പുതുപ്പള്ളി, സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ, കാർത്തികപ്പള്ളി എന്നീ സ്കൂളുകളിൽ കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 31.01.22 ലെ II(5) നമ്പർ തീരുമാന പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നതിന് അസൗകര്യമുള്ളതായി ഒഴിവാക്കപ്പെട്ട സ്കൂളുകളിൽ നിന്നും രേഖാമൂലം അറിയിച്ചിട്ടില്ല. പുതുതായി ചേർത്ത സ്കൂളുകളിൽ നിന്നും കംപോസ്റ്റ് യൂണിറ്റ് ആവശ്യമുള്ളതായും രേഖാമൂലം അറിയിച്ചിട്ടില്ല.

കാർത്തികപ്പള്ളി സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിലെ കംപോസ്റ്റ് യൂണിറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്കൂൾ മാനേജ്മെന്റിന്റെ അനുമതി വാങ്ങാതെ ബ്ലോക്ക് പഞ്ചായത്ത് സ്കൂളിൽ നടത്തിയ നിർമ്മാണ പ്രവർത്തനം മാനേജ്മെന്റ് നിർത്തി വെയ്പ്പിക്കുകയും, തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തിയാക്കുവാൻ അനുവാദം നൽകിയതായും ഫയലിൽ കാണുന്നു. (സെന്റ്.തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ട്രസ്റ്റി /സെക്രട്ടറിയുടെ 26.7.22 ലെ കത്ത്) ഇതിൽ നിന്നു തന്നെ സ്കൂൾ ആവശ്യപ്പെട്ടത് പ്രകാരമല്ല യൂണിറ്റ് നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്.

പദ്ധതി പ്രകാരമുള്ള 4 യൂണിറ്റുകളുടെ നിർമ്മാണം 24.8.22 ൽ പൂർത്തീകരിക്കുകയും ആകെ 1003377/- രൂപ ടി ഇനത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം 24.11.23 ൽ നടത്തിയ സ്ഥല പരിശോധനയിൽ ടി യൂണിറ്റുകളൊന്നും തന്നെ പ്രവർത്തന ക്ഷമമാക്കിയിട്ടില്ല എന്നു കണ്ടു. യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ ഇനോക്കുലം ലഭ്യമാക്കിയിട്ടില്ലാത്തതിനാലാണ് യൂണിറ്റുകൾ ഉപയോഗിക്കാത്തതെന്ന് സ്കൂൾ അധികൃതർ അറിയിച്ചു.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക- 12.12.4 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിഷയമല്ല. ഇത് പൂർണ്ണമായും ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ വരുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് ആവശ്യമെങ്കിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുമായി കൂടിയാലോചിച്ച് ഇതിനുള്ള വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാവുന്നതാണ്. എന്നാലിവിടെ ഇത്തരത്തിലുള്ള നടപടിക്രമങ്ങളൊന്നും പാലിക്കാതെ തുക നേരിട്ട് ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തി നടപ്പാക്കിയതു മൂലവും, തുക ചെലവഴിച്ച് ഒരു വർഷത്തിലധികം കഴിഞ്ഞിട്ടും പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതുമായ സാഹചര്യത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച തുക പാഴ് ചെലവായി ഓഡിറ്റിൽ വിലയിരുത്തുന്നു.

സ്ഥാപിച്ചിട്ടില്ലാത്ത നെയിം ബോർഡിന് പ്രതിഫലം നൽകി

പ്രസ്തുത എയ്റോബിക് കംപോസ്ററ് യൂണിറ്റുകൾക്ക് നെയിം ബോർഡ് സ്ഥാപിക്കുന്നതിനായി 3679/- രൂപ (ജി.എസ്.ടി ഉൾപ്പെടെ) നിരക്കിൽ 4 ബോർഡുകൾക്കായി 14716/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം 24.11.23 ൽ നടത്തിയ സ്ഥല പരിശോധനയിൽ കാർത്തികപ്പള്ളി സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിലൊഴികെ മറ്റ് സ്ഥലങ്ങളിൽ ബോർഡ് സ്ഥാപിച്ചിട്ടില്ലാത്തതായി ബോദ്ധ്യപ്പെട്ടു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 7/29.11.23) മറുപടി ലഭ്യമാക്കിയില്ല.

ചെയ്യാത്ത പ്രവൃത്തിയുടെ വിവരങ്ങൾ അളവ് ബുക്കിൽ രേഖപ്പെടുത്തി ക്രമ വിരുദ്ധമായി കരാറുകാരന്

നൽകിയ 11037/- (3679 X 3) രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. പദ്ധതി നാളിതുവരെ ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഓഡിറ്റിൽ നിരാകരിച്ച തുക കുറവ് ചെയ്ത് ബാക്കിയുള്ള 992340/-രൂപയുടെ ചെലവ് (1003377 – 11037) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 വ്യവസായ കോംപ്ലക്സിൽ വനിതകൾക്ക് വിശ്രമ മുറി നിർമ്മാണം - ആവശ്യകത നിർണ്ണയിക്കാതെയുള്ള നിർമ്മാണം

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | : | S0042/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | : | മനോഹരൻ |
| എം.ബുക്ക് നം. | : | 10,19/20-21 |
| എഗ്രീഡ് പിഎസി | : | 1222371/- |
| പ്രവൃത്തി മൂല്യം | : | 1369405/- |
| ബിൽ നം. | : | 1140014/-(21-22)<br>229391/-(3/30.06.22) |

ബ്ലോക്ക് പഞ്ചായത്ത് വക വ്യവസായ കോംപ്ലക്സിൽ വനിതകൾക്ക് വിശ്രമ മുറി നിർമ്മാണത്തിനായി 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സ്പിൽ ഓവറായി പൂർത്തിയാക്കിയ പദ്ധതിയാണിത്. പദ്ധതി പ്രകാരം ഒരു വിശ്രമ മുറിയും, അതിനോട് ചേർന്ന് 7 ടോയ്‌ലെറ്റുകളുമാണ് നിർമ്മിച്ചിട്ടുള്ളത്. വ്യവസായ കോംപ്ലക്സിൽ നിലവിൽ 4 പേർക്കാണ് മുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളത്. (3 മുറികൾ ഒഴിവുണ്ട്) ഇവിടെയുള്ള ആകെ ആളുകളുടെ എണ്ണം 10 ൽ താഴെ മാത്രമാണ്. ഇവർക്കായി 7 ടോയ്‌ലെറ്റുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യമില്ല. സ്വകാര്യ വ്യക്തികൾക്ക് വാടകയ്ക്ക് മുറികൾ നല്കിയിട്ടുള്ള സാഹചര്യത്തിൽ വാടകരഹിതമായി ഒരു വിശ്രമ മുറി കൂടി നിർമ്മിച്ച് നൽകേണ്ട ആവശ്യമില്ല. മാത്രമല്ല, നിലവിൽ ഈ “വിശ്രമ” മുറി ഒരു യൂണിറ്റിന്റെ ഉല്പന്നങ്ങൾ സംഭരിച്ച് വെയ്ക്കുന്നതിനുള്ള ഗോഡൗണായാണ് ഉപയോഗിച്ച് വരുന്നതെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. യഥാർത്ഥ ആവശ്യകത നിർണ്ണയിക്കാതെ ഇത്തരത്തിൽ പദ്ധതി ധനം ചെലവഴിച്ചത് ക്രമ വിരുദ്ധമാണ്.

പ്രസ്തുത ചെലവിന് പുറമേ ടി ടോയ്‌ലെറ്റ് സമുച്ചയത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കായി 51750/- രൂപയും (ബിൽ നം. 10/27.3.23) ചെലവഴിച്ചിട്ടുണ്ട്. കരാറുകാരനായ ശ്രീ.ടി.എസ്.ഹരിലാൽ പ്രസ്തുത പ്രവൃത്തി 15.3.23 ൽ പൂർത്തിയാക്കി തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിച്ച് പദ്ധതി ഭൗതിക ലക്ഷ്യം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

സ്ഥാപിച്ചിട്ടില്ലാത്ത നെയിം ബോർഡിന് പ്രതിഫലം നൽകി.

പ്രസ്തുത കെട്ടിടത്തിന് ഗ്രാനൈറ്റ് നെയിം ബോർഡ് സ്ഥാപിക്കുന്നതിനായി 4256/- രൂപ (ജി.എസ്.ടി ഉൾപ്പെടെ) കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം 24.11.23 ൽ നടത്തിയ സ്ഥല പരിശോധനയിൽ ഇത്തരത്തിലൊരു ബോർഡ് സ്ഥാപിച്ചിട്ടില്ലാത്തതായി ബോദ്ധ്യപ്പെട്ടു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/30.11.23) മറുപടി ലഭ്യമാക്കിയില്ല. ചെയ്യാത്ത പ്രവൃത്തിയുടെ വിവരങ്ങൾ അളവ് ബുക്കിൽ രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, ക്രമ വിരുദ്ധമായി കരാറുകാരന് നൽകിയ 4256/- രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

1-17 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത കാര്യങ്ങൾക്ക് വികസന ഫണ്ട്

ചെലവഴിക്കുന്നു

കേരള പഞ്ചായത്ത് രാജ് ആക്ട് നാലാം പട്ടിക (വകുപ്പ് 172, ഉപവകുപ്പ് 1) പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇത് പ്രകാരം പട്ടിക ജാതി, പട്ടിക വർഗ്ഗ വികസനവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ പ്രീ - മെട്രിക് ഹോസ്റ്റലുകൾ നടത്തുക, പട്ടിക ജാതി - പട്ടിക വർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ വളർത്തുക എന്നിവയാണ്. എന്നാൽ പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്തിൽ പട്ടിക ജാതി - പട്ടികവർഗ്ഗ വാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പദ്ധതികൾക്കായി തുക ചെലവഴിച്ചു. ടി വിഭാഗങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ചെലവ് തുക | നിർവ്വഹണം |
|---|---|---|---|
| 1 | കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് വാർഡ് 15 കണ്ണമ്പള്ളിൽ പട്ടികജാതി കോളനിയിൽ പാർശ്വ ഭിത്തി നിർമ്മാണവും പുനരുദ്ധാരണവും | 2152730 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 2 | മുതുകുളം ഗ്രാമ പഞ്ചായത്ത് വാർഡ് 13 മുരിങ്ങയിൽ പട്ടികജാതി കോളനിയിൽ പാർശ്വ ഭിത്തി നിർമ്മാണവും പുനരുദ്ധാരണവും | 2044192 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3 | ചേപ്പാട് ഗ്രാമ പഞ്ചായത്ത് വാർഡ് 10 വേളങ്ങാട്ട് പട്ടികജാതി കോളനിയിൽ പാർശ്വ ഭിത്തി നിർമ്മാണവും പുനരുദ്ധാരണവും | 1335687 | അസിസ്റ്റന്റ് എഞ്ചിനീയർ |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 16/1.12.23) മറുപടി ലഭ്യമാക്കിയില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട കാര്യങ്ങൾക്ക് മാത്രമായി പദ്ധതി ധനം ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-18 കുടിവെള്ള പദ്ധതി ഗ്രാമപഞ്ചായത്തുകൾ മുഖാന്തിരം നടത്തിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം.-S0005/23

പ്രോജക്റ്റിന്റെ പേര്-കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് വാർഡ് 7 ലെ പൊന്നരുട്ട് ക്ഷേത്രസ്ഥലത്തും ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് വാർഡ് 11 ലെ നല്ലാണിക്കൽ എൽ പി എസ് കോമ്പൌണ്ടിലും ട്യൂബ് വെൽ സ്ഥാപിക്കൽ
നിർവ്വഹണം - സെക്രട്ടറി
ഫണ്ട്- ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ് ഫണ്ട്)

അടങ്കൽ- 15,97,000/-

ചെലവ്- 15,97,000/-

ബിൽ നം.- 129/തീയതി 21-12-2022

കുടിവെള്ള ക്ഷാമം പരിഹരിക്കൽ ലക്ഷ്യമാക്കി ഭൂജല വകുപ്പ് മുഖാന്തിരം നിക്ഷേപപ്രവൃത്തിയായി കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് വാർഡ് 7 ലെ പൊന്നരുട്ട് ക്ഷേത്രസ്ഥലത്തും ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് വാർഡ് 11 ലെ നല്ലാണിക്കൽ എൽ പി എസ് കോമ്പൌണ്ടിലും ട്യൂബ് വെൽ സ്ഥാപിക്കുന്നതിനായി 1597000 രൂപ ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ജില്ലാ ഓഫീസർക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. (SBIN 0070528/A/c No- 40554900025) (ഭരണസമിതി തീരുമാനം 2(2) തീയതി 13-12-22). 2023 ജനുവരി 1 ന്

ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ജില്ലാ ഓഫീസറും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി 2023 മാർച്ച് 25 നകം പൂർത്തിയാക്കണമെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിലും (11/2023 ലും) പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രോജക്റ്റ് സംബന്ധിക്കുന്ന മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) നിക്ഷേപ പ്രവൃത്തിക്കുള്ള മുൻകൂർ നൽകിയതിന്റെ വിവരം അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് – ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. മുൻകൂർ സംബന്ധിക്കുന്ന രജിസ്റ്ററിലും വിവരം ഉൾപ്പെടുന്നില്ല. ആകയാൽ മുൻകൂറായി നൽകിയ തുകയുടെ വിനിയോഗം എപ്രകാരം നിരീക്ഷിക്കാനാകുമെന്ന് വ്യക്തമല്ല.

2)കുടിവെള്ള പദ്ധതിയുടെ ഭാഗമായാണോ പ്രോജക്റ്റ് ഏറ്റെടുത്തതെന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്തുകളുടെ ആവശ്യം സംബന്ധിക്കുന്ന കത്തുകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) സ്വകാര്യവസ്തുവിൽ നിർമ്മിക്കുന്ന ഒരു കുഴൽകിണറിന് ആവശ്യമായ വസ്തു വസ്തുഉടമ വിട്ടുനൽകിയതായും ആയത് ബന്ധപ്പെട്ട പഞ്ചായത്തിന്റെ പേരിലേക്ക് മാറ്റിയതായും രേഖയില്ല.

4) സ്ഥലത്തെ ജല ലഭ്യത സംബന്ധിക്കുന്ന പഠന റിപ്പോർട്ട് /സാക്ഷ്യപ്പെടുത്തലുകൾ എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

5)ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടുകൂടി മാത്രമേ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾക്ക് പണം ചെലവഴിക്കാനാകൂ. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ചതായി കാണുന്നില്ല.

നിർവഹണ ഏജൻസികൾക്ക് പൂർണ്ണ അധികാരം നല്കി നിർവഹിക്കപ്പെടുന്ന പ്രസ്തുത പ്രവൃത്തിക്കായി വ്യക്തമായ വ്യവസ്ഥകൾ / സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ തുക നല്കിയത് ക്രമപ്രകാരമല്ല. 1597000 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

1-19 ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനായി മുൻകൂറുകൾ, തുടർ ഗഡുക്കൾ എന്നിവ കൈപ്പറ്റിയെങ്കിലും ഭവനനിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, വിലാസം | ആദ്യ ഗഡു നൽകിയ തീയതി | ആകെ കൈപ്പറ്റിയ തുക | വിഭാഗം |
|---|---|---|---|
| അമ്മിണി കൊച്ചായീടങ്ങ് | 10-08-22 | 264000 | എസ്.സി |
| ശൈലേന്ദ്ര കുമാർ എസ് | 26-08-22 | 160000 | എസ്.സി |
| സോംജിത്ത്, കൊച്ചുതറയിൽ | 27-08-22 | 160000 | എസ്.സി |
| രാധാകൃഷ്ണൻ, പട്ടാളശ്ശേരിൽ കിഴക്കതിൽ | 19-02-22 | 160000 | എസ്.സി |
| മേരി ഷേർലി, കോട്ടേൽ കിഴക്കതിൽ | 22-08-22 | 376000 | ജനറൽ |
| രാധാമണി, പ്ലാമൂട്ടിൽ | 3-02-22 | 160000 | ജനറൽ |
| അജിത, നന്ദുഭവനം | 14-02-2022 | 48000 | എസ്.സി |
| ജയപ്രകാശ്. ജി, കോയിക്കലേത്ത് | 15-05-2022 | 330000 | ജനറൽ |
| ശ്രീകുമാർ, കാവുപറമ്പ് | 17-03-2022 | 264000 | എസ്.സി |

| | | | |
|---|---|---|---|
| സീമ, ഇടയിനേത്ത് | 17-03-2022 | 96000 | എസ്സ്.സി |
| രാജീവ്, ഉതിരക്കുഴി കിഴക്കതിൽ | 17-03-2022 | 306000 | എസ്.സി |
| ഗീത, അരിവണ്ണൂർ വടക്കതിൽ | 17-03-2022 | 96000 | ജനറൽ |
| പുഷ്പവല്ലി, മാധവനിലയം | 17-03-2022 | 96000 | എസ്.സി |

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി മുൻകൈ എടുത്ത് മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

1-20 പഠനമുറി നിർമ്മാണം - പൂർത്തീകരിച്ചില്ല

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിക്കുന്നതിനായി നടപ്പാക്കിയ പ്രോജക്റ്റിൽ താഴെ ചേർക്കുന്ന വിദ്യാർത്ഥികൾ പഠനമുറി നിർമ്മാണം നടത്തിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം-S0057/23
പ്രോജക്ടിന്റെ പേര് – പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി
നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ

ഫണ്ട്- വികസനഫണ്ട് (SCP)

അടങ്കൽ -560000

ചെലവ്-4175000

| വിദ്യാർത്ഥിയുടെ പേര് /വിലാസം | ആദ്യ ഗഡു/ നൽകിയ തീയതി | തുടർ ഗഡു |
|---|---|---|
| നയൻ രമണൻ, പുത്തൻ കണ്ടത്തിൽ | 50000/ 15-11-2022 | 75000 |
| സനിക സുധീർ, സിനി ഭവനം | 50000/ 18-11-2022 | 75000 |
| ഹരി ഗോവിന്ദ്, ഹരിഭവനം | 50000/ 18-11-2022 | 75000 |
| ആദിത്യൻ, മണിയൻചിറയിൽ | 50000/ 18-11-2022 | 75000 |
| ലിജോ എസ്, പുത്തൻവീട്ടിൽ | 50000/ 18-11-2022 | 75000 |
| അനന്തൻ, കൊല്ലീടെ കിഴക്കതിൽ | 50000/ 18-11-2022 | 75000 |
| ശ്രീ ലക്ഷ്മി, ഒറ്റതെങ്ങിൽ വീട് | 50000/ 03-12-2022 | 75000 |
| അശ്വിൻ S, തുണ്ടിൽ വടക്കതിൽ | 50000/ 03-12-2022 | 75000 |
| അദ്രി രജീന്ദ്ര, മണിമന്ദിരത്തിൽ വടക്കതിൽ | 50000/ | 75000 |

| | | |
|---|---|---|
| | 03-12-2022 | |
| അച്ചു, ഉണ്ടിൽചിറ | 50000/<br>21-12-2022 | 75000 |
| അഞ്ചൽ ബിജു, തുരുത്തി തറയിൽ | 50000<br>21-12-2022 | 75000 |

മേൽ പരാമർശിക്കപ്പെട്ട വിദ്യാർത്ഥികൾ പഠനമുറി പൂർത്തീകരിക്കാത്ത പക്ഷം നൽകിയ മുൻകൂർ തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 പട്ടികജാതി വിഭാഗക്കാർക്ക് കറവമാട് വാങ്ങുന്നതിന് ധനസഹായം - വിറ്റവരുടെ അക്കൌണ്ടിലേക്ക് സബ്സിഡി തുക നൽകുന്നതിന് പകരം കറവമാട് ലഭിച്ചവരുടെ അക്കൌണ്ടിലേക്ക് തുക നൽകി

പ്രോജക്ട് നമ്പർ - S0031/23 (സ്പിൽ ഓവർ)

അടങ്കൽ - 2317500/-

(720000/-വികസനഫണ്ട് + 532500 സെൻട്രൽ ഷെയർ + 1065000 മറ്റുള്ളവ )

നിർവ്വഹണം - ക്ഷീരവികസന ഓഫീസർ

ചെലവ് – 720000/- (വികസന ഫണ്ട്)

ബിൽ റഫറൻസ് നമ്പർ - 22070963001200337677/21.7.22 – 720000/- വികസനഫണ്ട്

പട്ടികജാതി വിഭാഗക്കാർക്ക് കറവമാട് വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. ഇതിലുൾപ്പെടുത്തി 12 പേർക്ക് 60000/- വിലവരുന്ന കറവമാടുകളെ വാങ്ങി നൽകുന്നതിനായി 720000/- രൂപ ചെലവഴിച്ചിരുന്നു. പ്രൊജക്ടും അനുബന്ധരേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് പ്രകാരമുള്ള ചെലവിന്റെ ബിൽ കോപ്പി പരിശോധിച്ചതിൽ പശുവിനെ വിറ്റ ആൾക്കാരുടെ അക്കൗണ്ടിലേയ്ക്ക് തുക നൽകുന്നതിന് പകരം പശുവിനെ ലഭിച്ച ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്കാണ് തുക ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കൾ പശുവിനെ വാങ്ങിയതിനെ സാധൂകരിക്കുന്നതിനായി വില ചീട്ടും ഇൻഷ്വറൻസ് രേഖകളുമാണ് ഹാജരാക്കിയിട്ടുള്ളത്. പശുവിനെ വിറ്റ ആളുടെ കൃത്യമായ മേൽവിലാസമോ മറ്റ് തിരിച്ചറിയൽ രേഖകളോ ഉൾപ്പെടുത്താതെ 60000/- രൂപ കൈപ്പറ്റിയതായുള്ള കൈപ്പറ്റ് രസീതിന്റെ അടിസ്ഥാനത്തിലാണ് തുക പശുവിനെ ലഭിച്ചവരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റാക്കിയിട്ടുള്ളത്. സപ്ലൈയറുടെ അക്കൌണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുന്നതിന് പകരം ഇപ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക ക്രെഡിറ്റ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 13/1.12.23 നൽകിയതിന് 4.12.23 ൽ 178/23 നമ്പരായി മറുപടി ലഭ്യമാക്കിയിരുന്നു. ആയത് പരിശോധിച്ചതിൽ എൻഡ് ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്ക് തുക മാറി നൽകണമെന്ന ജി.ഒ.(പി) 147/17 ഫിൻ തീയതി 16.11.2017 ലെ നിർദ്ദേശപ്രകാരമാണ് തുക ഗുണഭോക്താവിന്റെ ലോൺ അക്കൌണ്ടിലേയ്ക്ക് മാറി നൽകിയിട്ടുള്ളതെന്നാണ്. എന്നാൽ ഏതൊരു സാധനമോ സേവനമോ സ്വീകരിക്കുമ്പോൾ അത് നൽകുന്നവർക്കാണ് പ്രതിഫല തുക നൽകേണ്ടത്. സാധനം/സേവനം വാങ്ങുന്ന സാഹചര്യങ്ങളിൽ എൻഡ് ബെനിഫിഷ്യറിയുടെ അക്കൌണ്ടിലേക്ക് തുക നൽകണമെന്ന് മേൽ ഉത്തരവിൽ എവിടെയും നിർദ്ദേശിച്ചിട്ടില്ല. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി അംഗീകരിക്കാവുന്നതല്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. പ്രോജക്ടിലുൾപ്പെടുത്തി കറവമാടുകളെ നൽകിയവർക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഇതേ

ആനുകൂല്യം ലഭിച്ചില്ല എന്ന സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല.

3.ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് പരാമർശിത രേഖകൾ ഹാജരാക്കാതെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|
| 1 | ജാനമ്മ, കൊച്ചുതറയിൽ പുത്തൻവീട്, കണിച്ചനല്ലൂർ, ചേപ്പാട് | ജാതി സർട്ടിഫിക്കറ്റ് |
| 2 | ലീല, പെരുവേലിൽ, ചിങ്ങോലി | പശുവിനെ ഇൻഷ്വർ ചെയ്തതിന്റെ രേഖ |

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 720000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ ധനസഹായം - സബ്സിഡി തുക മുൻകൂറായി നൽകി

പ്രോജക്ട് നമ്പർ - S0056/23

അടങ്കൽ - 900000/- (വികസന ഫണ്ട് സാധാരണ വിഹിതം)

ചെലവ്- 549000/- (വികസന ഫണ്ട്)

ബിൽ റഫറൻസ് നമ്പർ - 22070963001501225089/22.3.23 – 300000/-

ബിൽ റഫറൻസ് നമ്പർ - 22070963001501518549/28.3.23 – 249000/-

പ്രോജക്ടിലുൾപ്പെടുത്തി കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ തനിമ അരക്കനട്ട് പ്ലേറ്റ് പ്രൊഡക്ഷൻ യൂണിറ്റിനും കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ പ്രതീക്ഷ സ്വയം സഹായ സംഘത്തിന് തയ്യൽ യൂണിറ്റ് തുടങ്ങുന്നതിനും 549000/- രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. സ.ഉ. (കൈ)115/2022/ ത.സ്വ.ഭ.വ. തീയതി 28.5.22 നമ്പർ ഉത്തരവിലെ ഖണ്ഡിക 2.11 പ്രകാരം പ്രത്യേകം അനുവദിക്കപ്പെട്ട ഇനങ്ങളിലൊഴികെ സബ്സിഡി മുൻകൂറായി നൽകാവുന്നതല്ലന്ന് പ്രത്യേക നിർദ്ദേശമുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ രണ്ട് ഗ്രൂപ്പുകളുടേയും ചെലവുകൾ നടന്നിട്ടുള്ളത് 2023-24 സാമ്പത്തിക വർഷത്തിലാണെന്ന് കാണുന്നു.

രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്താതെ രണ്ട് ഗ്രൂപ്പുകൾക്കും സബ്സിഡി തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിന് (നം.15/01.12.2023), നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ സബ്സിഡി മുൻകൂർ ആയി നൽകിയിട്ടില്ലെന്നും പ്രോജക്ട് വായ്പാ ബന്ധിതമായതിനാൽ സ.ഉ. (കൈ)115/2022/ ത.സ്വ.ഭ.വ. തീയതി 28.5.22 നമ്പർ ഉത്തരവിലെ ഖണ്ഡിക 6.5 മാനദണ്ഡം 4 അനുസരിച്ച് വായ്പ അനുവദിക്കുന്ന മുറയ്ക്ക് തുക ഗുണഭോക്താവിന്റ അക്കൌണ്ടിലേയ്ക്ക് നൽകേണ്ടതാണെന്നതിന്റെ അടിസ്ഥാനത്തിൽ ബാങ്ക് ലോൺ വിതരണം ചെയ്യുകയുമായിരുന്നു എന്നും ബാങ്കിൽ നിന്നും കത്ത് ലഭ്യമായതിന് ശേഷമാണ് സബ്സിഡി തുക നൽകിയിട്ടുള്ളത് എന്നും അറിയിച്ചു. ബാങ്ക് അംഗീകരിച്ച പ്രോജക്ട് കോസ്റ്റിന്റെ 75% ആണ് സബ്സിഡിയായി നൽകിയിട്ടുള്ളതെന്നും കരാർ ഉൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചാണ് തുക വിതരണം ചെയ്തിട്ടുള്ളതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി.

എന്നാൽ മാർഗ്ഗരേഖ പ്രകാരം പ്രോജക്ട് ചെലവിന്റെ 75% അനുവദിക്കുന്നതിനാണ് അനുമതിയുള്ളത്. ഇത് അനുവദിക്കുണമെങ്കിൽ യഥാർത്ഥത്തിൽ നടന്ന ചെലവുകളെ അധാരമാക്കി വേണം സബ്സിഡി

നിശ്ചയിക്കേണ്ടത്. കൂടാതെ ലോണുകൾ പാസ്സാകുന്നതിന് താമസം നേരിടുകയാണെങ്കിൽ പ്രോജക്ടിന് സ്പിൽ ഓവർ സാങ്ഷൻ വാങ്ങി സബ്സിഡി തുക അനുവദിയ്ക്കുന്നതിനുള്ള സാഹചര്യവും ഉണ്ടെന്നിരിക്കെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിയ്ക്കാവുന്നതല്ല. രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം സബ്സിഡി തുക അനുവദിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

പ്രതീക്ഷ സ്വയം സഹായ സംഘം 301295/- രൂപയുടെ ചെലവ് രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. മാർഗ്ഗരേഖ പ്രകാരമാണെങ്കിൽ ആയതിന്റെ 75% ആയ 225971/- രൂപയാണ് സബ്സിഡി നൽകേണ്ടത്. എന്നാൽ 249000/- രൂപ അനുവദിച്ചതിന് നിർവ്വഹണ ഉദ്യോഗസ്ഥനോട് നേരിട്ട് വിശദീകരണം ആരാഞ്ഞതിന് ഈ ചെലവുകൾക്ക് ഒപ്പം ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ടിലെ അനുബന്ധം 5 B (മാൻ പവർ റിക്വയർമെന്റ്) പ്രകാരം ഉള്ള 3 സ്കിൽഡ് വർക്കേഴ്സിന് 10000/- രൂപ വെച്ച് ഒരു മാസത്തേയ്ക്ക് നൽകേണ്ട 30000/- രൂപയും അനുബന്ധം 6 (യൂട്ടിലിറ്റീസ് ആന്റ് കണ്ടിജൻസീസ് ഫോർ വൺ മന്ത്) പ്രകാരം പവർ ചാർജ്ജസ്, വാടക, ടെലിഫോൺ ചാർജ്ജ്, യാത്രാ ചെലവ് എന്നിവയ്ക്കായി വകയിരുത്തിയ 4500/-രൂപയും ഉൾപ്പെടെ ആകെ പ്രോജക്ട് കോസ്റ്റ് 335795/- (301295+34500) പരിഗണിച്ച് സബ്സിഡി നൽകിയതിനാലാണ് 249000/- രൂപ അനുവദിച്ചതെന്നുമാണ് മറുപടി നൽകിയത്. ഭാവിയിൽ ഉണ്ടാകുന്ന മേൽ ചെലവുകൾ കൂടി പരിഗണിച്ച് സബ്സിഡി നൽകാൻ മാർഗ്ഗരേഖയിൽ പ്രത്യേക നിർദ്ദേശങ്ങൾ ഇല്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ 23029/- (249000-225971) രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 23029 രൂപ പ്രതീക്ഷ ഗ്രൂപ്പിൽ നിന്ന് ഈടാക്കി സർക്കാർ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

1-23 ചുമതലകളിൽപ്പെടാത്ത ആവശ്യത്തിന് കേരള വാട്ടർ അതോറിറ്റിക്ക് പണം നൽകി

പ്രോജക്റ്റ് നം.-S0101/23

പ്രോജക്റ്റിന്റെ പേര്-മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കേരള വാട്ടർ അതോറിറ്റി കുടിവെള്ള പമ്പിംഗ് മോട്ടോറുകൾക്ക് സ്പെയർ വാങ്ങി നൽകൽ

അടങ്കൽ- 1093000

ചെലവ്- 1071000

ഫണ്ട്- ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്

ബിൽ നം.- 112/14-12-2022

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം കേരള വാട്ടർ അതോറിറ്റി ആലപ്പുഴ പി.എച്ച്. ഡിവിഷന് 1071000 രൂപ ട്രാൻസ്ഫർ ചെയ്തു നൽകി (SBI A/C No-10449288175 IFSC : SBIN0003054) (ഭരണസമിതി തീരുമാനം 2(3) തീയതി 13-12-22). കായംകുളം പി.എച്ച് സെക്ഷനിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ KWA ഉടമസ്ഥതയിലുള്ള വിവിധ കുടിവെള്ള പദ്ധതികളുടെ പമ്പ് സെറ്റുകൾക്ക് സ്റ്റാൻഡ് ബൈ സ്ഥാപിക്കുക എന്നതായിരുന്നു ലക്ഷ്യം. 28/12/22 ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും KWA എക്സിക്യൂട്ടീവ് എൻജിനീയറും പദ്ധതി സംബന്ധിച്ച കരാറിൽ ഏർപ്പെട്ടിട്ടുണ്ട് (കരാർ നം.-ഡി 60/22).

30-09-23 ൽ 925047 രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും നീക്കിബാക്കിയായ 145953 രൂപയും ബ്ലോക്ക് പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ കാണുന്നു.

1) നിക്ഷേപ പ്രവൃത്തിക്കുള്ള മുൻകൂർ നൽകിയതിന്റെ വിവരം അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് - *കേരള വാട്ടർ അതോറിറ്റി* എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. മുൻകൂർ സംബന്ധിക്കുന്ന രജിസ്റ്ററിലും വിവരം ഉൾപ്പെടുന്നില്ല. ആയതിനാൽ നിലവിലും പൂർത്തീകരിക്കപ്പെടാത്ത മുൻകൂറിന്റെ വിനിയോഗം

എപ്രകാരം നിരീക്ഷിക്കാനാകും എന്ന് വ്യക്തമല്ല.

2) *കുടിവെള്ളം* എന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവായ ചുമതലകളിലോ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിലോ ഉൾപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തുകളിലെ ജലവിതരണപദ്ധതികളുടെ നടത്തിപ്പും വിതരണവും ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ് എന്നിരിക്കെ കുടിവെള്ള പമ്പിംഗ് മോട്ടോറുകൾക്ക് സ്പെയർ വാങ്ങി നൽകൽ എന്നത് ബ്ലോക്ക് പഞ്ചായത്ത് ചുമതലയല്ല.

3) കേരള വാട്ടർ അതോറിറ്റിക്ക് അവരുടെ പമ്പ് ഹൌസുകളിൽ സ്റ്റാൻഡ് ബൈ പമ്പ് സെറ്റ് നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് യാതൊരു കടമയും ഇല്ല. ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മത പ്രകാരം മാത്രമാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾക്ക് പോലും പണം ചെലവഴിക്കാനാകു എന്നിരിക്കെ വാട്ടർ അതൊറിറ്റിക്ക് അവരുടെ പമ്പുഹൌസുകളിൽ സ്റ്റാൻഡ് ബൈ പമ്പ് സെറ്റ് സ്ഥാപിക്കാനായി പണം നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പി (നം-3/25-11-23) നുള്ള മറുപടിയിൽ നിലവിലുള്ള വാട്ടർ അതോറിറ്റി മോട്ടോറുകൾ കേടാകുന്നതുമൂലം മാസങ്ങളോളം പമ്പിംഗ് തടസ്സപ്പെടുന്നത് ഗ്രാമപഞ്ചായത്തുകൾക്കും പൊതുജനങ്ങൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്താണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും ഫണ്ടിനമായ ധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റിൽ നിന്നും കുടിവെള്ളത്തിനുള്ള ചെലവ് നിർബന്ധമായും വകയിരുത്തേണ്ടതായിരുന്നുവെന്നും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത കാര്യത്തിനു വേണ്ടിയാണ് ചെലവു നടത്തിയത്. മാത്രമല്ല ഇതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമായിട്ടുമില്ല. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. ഈയിനത്തിൽ നടത്തിയ 21000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 സഞ്ചരിക്കുന്ന പാൽക്കാരി - ക്ഷീരസംഘങ്ങൾക്ക് കറവയന്ത്രവും ഇരുചക്രവാഹനവും - സബ്സിഡിയായി നൽകിയ തുകയുടെ ആധികാരികത ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ - S0051/23

അടങ്കൽ - 1060000/- (800000 വികസനഫണ്ട് സാധാരണവിഹിതം + 260000 മറ്റുള്ളവ)

നിർവ്വഹണം - ക്ഷീരവികസന ഓഫീസർ

ചെലവ് - 600000/-

ബിൽ റഫറൻസ് നമ്പർ - 22070963001201376358/16.3.23 - 200000/-

ബിൽ റഫറൻസ് നമ്പർ - 22070963001201376334/16.3.23 - 100000/-

ബിൽ റഫറൻസ് നമ്പർ - 22070963001201512336/28.3.23 - 100000/-

ബിൽ റഫറൻസ് നമ്പർ - 22070963001201475285/25.3.23 - 100000/-

ബിൽ റഫറൻസ് നമ്പർ - 22070963001201522291/28.3.23 - 100000/-

മൊബൈൽ മിൽക്കിങ് യൂണിറ്റിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന 6 ക്ഷീരസംഘങ്ങൾക്ക് കറവയന്ത്രവും ഇരുചക്രവാഹനവും വാങ്ങി നൽകുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. കണ്ടപ്പും KUCS A231, APCOS ഗോവിന്ദമുട്ടം KUCS A24D, പത്തിയൂർകാല KUCS A91D, കാപ്പിൽ KUCS A 146, മുതുകുളം KUCS A 82D, വലിയകുഴി KUCS A 141 D എന്നീ ക്ഷീരസംഘങ്ങൾക്ക് പ്രോജക്ടിന്റെ ഭാഗമായി സബ്സിഡി അനുവദിച്ച് നൽകിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ. (കൈ)115/2022/ ത.സ്വ.ഭ.വ. തീ. 28.5.22 നമ്പർ ഉത്തരവിലെ ഖണ്ഡിക 6-10 (എ) 9 പ്രകാരം ക്ഷീരസംഘങ്ങൾക്ക് കീഴിൽ മൊബൈൽ മിൽക്കിങ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ചെലവിന്റെ 75% പരമാവധി 100000/- രൂപയാണ് അനുവദിക്കാവുന്ന സബ്സിഡി. ഇത് പ്രകാരം ഒരോ സംഘങ്ങൾക്കും 100000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന സംഘങ്ങൾ വാഹനം, കറവയന്ത്രം എന്നിവ വാങ്ങിയതിന്റെ ടാക്സ് ഇൻവോയ്സുകൾ ഹാജരാക്കാത്തതിനാൽ സംഘത്തിന് അനുവദിച്ച സബ്സിഡിയുടെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1. | കണ്ടപ്പുറം KUCS A231,APCOS | വാഹനം, കറവയന്ത്രം എന്നിവ വാങ്ങിയതിന്റെ ടാക്സ് ഇൻവോയ്സുകൾ, വാഹനത്തിന്റെ രജിസ്ട്രേഷൻ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല |
| 2. | ഗോവിന്ദമുട്ടം KUCS A24D | വാഹനം വാങ്ങിയതിന്റെ ടാക്സ് ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. (മലബാർ റൂറൽ ഡവലപ്പ്മെന്റ് ഫൌണ്ടേഷനിൽ നിന്ന് 68950.12/- രൂപ വിലവരുന്ന കറവയന്ത്രം വാങ്ങിയതിന്റെ ടാക്സ് ഇൻവോയ്സ് ഹാജരാക്കിയിട്ടുണ്ട്.) |
| 3. | പത്തിയൂർകാല KUCSA91D | വാഹനം വാങ്ങിയതിന്റെ ടാക്സ് ഇൻവോയ്സ്, രജിസ്ട്രേഷൻ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. (മലബാർ റൂറൽ ഡവലപ്പ്മെന്റ് ഫൌണ്ടേഷനിൽ നിന്ന് 68950.12/- രൂപ വിലവരുന്ന കറവയന്ത്രം വാങ്ങിയതിന്റെ ടാക്സ് ഇൻവോയ്സ് ഹാജരാക്കിയിട്ടുണ്ട്.) |
| 4. | കാപ്പിൽ KUCS A 146 | വാഹനം, കറവയന്ത്രം എന്നിവ വാങ്ങിയതിന്റെ ടാക്സ് ഇൻവോയ്സുകൾ, വാഹനത്തിന്റെ രജിസ്ട്രേഷൻ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. |
| 5. | മുതുകുളം KUCS A 82D | വാഹനം വാങ്ങിയതിന്റെ ടാക്സ് ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. (68950/- രൂപ വില വരുന്ന കറവയന്ത്രം വാങ്ങിയതിന്റെ ഇൻവോയ്സ് ഹാജരാക്കിയിട്ടുണ്ട്.) |
| 6. | വലിയകുഴി KUCS A 141 D | വാഹനം വാങ്ങിയതിന്റെ ടാക്സ് ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. (70092/- രൂപ വില വരുന്ന കറവയന്ത്രം വാങ്ങിയതിന്റെ |

| | | |
|---|---|---|
| | | ഇൻവോയ്സ് ഹാജരാക്കിയിട്ടുണ്ട്.) |

2. ബ്ലോക്ക് പഞ്ചായത്തിന്റെ സബ്സിഡി തുക വിനിയോഗിച്ച് വാങ്ങിയ ഇരുചക്രവാഹനങ്ങൾ ക്ഷീരസംഘം സെക്രട്ടറിയുടെ സ്വകാര്യ മേൽവിലാസത്തിൽ രജിസ്റ്റർ ചെയ്തു. ചുവടെ ചേർക്കുന്ന ക്ഷീരസംഘങ്ങൾ പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയ ഇരുചക്രവാഹനങ്ങൾ സംഘം സെക്രട്ടറിയുടെ സ്വകാര്യ മേൽവിലാസത്തിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

| ക്ഷീരസംഘത്തിന്റെ പേര് | റിമാർക്ക്സ് |
|---|---|
| വലിയകുഴി KUCS A 141 D | വാഹനം വാങ്ങിയതിനെ സാധൂകരിക്കുന്നതിനായി KL29V 2752 നമ്പർ TVS മോട്ടോർ സൈക്കിളിന്റെ ആർ. സി. ബുക്ക് പരിശോധിച്ചതിൽ സംഘം സെക്രട്ടറിയായ അമ്പിളിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഈ വാഹനത്തിന്റെ ഓണറുടെ മേൽവിലാസമായി ഒദ്യോഗിക മേൽവിലാസം ഉൾപ്പെടുത്തുന്നതിന് പകരം ടിയാളുടെ സ്വകാര്യ മേൽവിലാസം രേഖപ്പെടുത്തിയാണ് വാഹനം രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| മുതുകുളം KUCS A 82D | വാഹനം വാങ്ങിയതിനെ സാധൂകരിക്കുന്നതിനായി KL29V 2697 നമ്പർ മോട്ടോർ സൈക്കിളിന്റെ ആർ. സി. ബുക്ക് പരിശോധിച്ചതിൽ സംഘം സെക്രട്ടറിയായ ലതയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഈ വാഹനത്തിന്റെ ഉടമയുടെ മേൽവിലാസമായി ഒദ്യോഗിക മേൽവിലാസം ഉൾപ്പെടുത്തുന്നതിന് പകരം ടിയാളുടെ സ്വകാര്യ മേൽവിലാസം രേഖപ്പെടുത്തിയാണ് വാഹനം രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് അന്വേഷണം (നം.14/1.12.23) നൽകിയതിന് ലഭ്യമാക്കിയ മറുപടിയും രേഖകളും പരിശോധിച്ചതിന് ശേഷം അവശേഷിക്കുന്ന ന്യൂനതകളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ ന്യൂനതകൾ പരിഹരിക്കുന്നത് വരെ പ്രോജക്ടിനായി നടത്തിയ 600000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സർക്കാർ / എയ്ഡഡ് സ്കൂളുകൾക്ക് എയ്റോബിക് കംപോസ്ററ് യൂണിറ്റ് നിർമ്മാണം - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചു - പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചില്ല.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | S0083/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | : | ഷാജിലാൽ.വി |
| എം.ബുക്ക് നം. | : | 13/20-21 |
| എഗ്രീഡ് പിഎസി | : | 933807/- |
| പ്രവൃത്തി മൂല്യം | : | 1003377/- |
| ബിൽ നം. | : | 847548/-(29.3.22)<br>155829/-(117/16.12.22) |

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ പ്രസ്തുത പദ്ധതി പ്രകാരം താഴെ പറയുന്ന നാലു സ്കൂളുകളിൽ കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

1. കെ.എൻ.എം.ഗവ.യു.പി സ്കൂൾ, പുതുപ്പള്ളി.

2. ഗവ.യു.പി.സ്കൂൾ,പുതുപ്പള്ളി.

3. കൊല്ലക യു.പി സ്കൂൾ, മുതുകുളം.

4. മുകുന്ദവിലാസം എൽ.പി.സ്കൂൾ, കണ്ടല്ലൂർ.

പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ഗവ.യു.പി.സ്കൂൾ, പുതുപ്പള്ളി, കൊല്ലക യു.പി സ്കൂൾ, മുതുകുളം എന്നിവയ്ക്ക് സ്ഥല സൗകര്യമില്ലാത്തതിനാൽ പകരം ചൂളൂർ യു.പി.സ്കൂൾ, പുതുപ്പള്ളി, സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ, കാർത്തികപ്പള്ളി എന്നീ സ്കൂളുകളിൽ കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 31.01.22 ലെ II(5) നമ്പർ തീരുമാന പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നതിന് അസൗകര്യമുള്ളതായി ഒഴിവാക്കപ്പെട്ട സ്കൂളുകളിൽ നിന്നും രേഖാമൂലം അറിയിച്ചിട്ടില്ല. പുതുതായി ചേർത്ത സ്കൂളുകളിൽ നിന്നും കംപോസ്റ്റ് യൂണിറ്റ് ആവശ്യമുള്ളതായും രേഖാമൂലം അറിയിച്ചിട്ടില്ല.

കാർത്തികപ്പള്ളി സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിലെ കംപോസ്റ്റ് യൂണിറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്കൂൾ മാനേജ്മെന്റിന്റെ അനുമതി വാങ്ങാതെ ബ്ലോക്ക് പഞ്ചായത്ത് സ്കൂളിൽ നടത്തിയ നിർമ്മാണ പ്രവർത്തനം മാനേജ്മെന്റ് നിർത്തി വെയ്പ്പിക്കുകയും, തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തിയാക്കുവാൻ അനുവാദം നൽകിയതായും ഫയലിൽ കാണുന്നു. (സെന്റ്.തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ട്രസ്റ്റി /സെക്രട്ടറിയുടെ 26.7.22 ലെ കത്ത്) ഇതിൽ നിന്നു തന്നെ സ്കൂൾ ആവശ്യപ്പെട്ടത് പ്രകാരമല്ല യൂണിറ്റ് നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്.

പദ്ധതി പ്രകാരമുള്ള 4 യൂണിറ്റുകളുടെ നിർമ്മാണം 24.8.22 ൽ പൂർത്തീകരിക്കുകയും ആകെ 1003377/- രൂപ ടി ഇനത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം

24.11.23 ൽ നടത്തിയ സ്ഥല പരിശോധനയിൽ ടി യൂണിറ്റുകളൊന്നും തന്നെ പ്രവർത്തന ക്ഷമമാക്കിയിട്ടില്ല എന്ന കണ്ടു. യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ ഇനോക്കുലം ലഭ്യമാക്കിയിട്ടില്ലാത്തതിനാലാണ് യൂണിറ്റുകൾ ഉപയോഗിക്കാത്തതെന്ന് സ്കൂൾ അധികൃതർ അറിയിച്ചു.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക- 12.12.4 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിഷയമല്ല. ഇത് പൂർണ്ണമായും ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ വരുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് ആവശ്യമെങ്കിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുമായി കൂടിയാലോചിച്ച് ഇതിനുള്ള വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാവുന്നതാണ്. എന്നാലിവിടെ ഇത്തരത്തിലുള്ള നടപടിക്രമങ്ങളൊന്നും പാലിക്കാതെ തുക നേരിട്ട് ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തി നടപ്പാക്കിയതു മൂലവും, തുക ചെലവഴിച്ച് ഒരു വർഷത്തിലധികം കഴിഞ്ഞിട്ടും പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതുമായ സാഹചര്യത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച തുക പാഴ് ചെലവായി ഓഡിറ്റിൽ വിലയിരുത്തുന്നു.

സ്ഥാപിച്ചിട്ടില്ലാത്ത നെയിം ബോർഡിന് പ്രതിഫലം നൽകി

പ്രസ്തുത എയ്റോബിക് കംപോസ്ററ് യൂണിറ്റുകൾക്ക് നെയിം ബോർഡ് സ്ഥാപിക്കുന്നതിനായി 3679/- രൂപ (ജി.എസ്.ടി ഉൾപ്പെടെ) നിരക്കിൽ 4 ബോർഡുകൾക്കായി 14716/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം 24.11.23 ൽ നടത്തിയ സ്ഥല പരിശോധനയിൽ കാർത്തികപ്പള്ളി സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിലൊഴികെ മറ്റ് സ്ഥലങ്ങളിൽ ബോർഡ് സ്ഥാപിച്ചിട്ടില്ലാത്തതായി ബോദ്ധ്യപ്പെട്ടു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 7/29.11.23) മറുപടി ലഭ്യമാക്കിയില്ല. ചെയ്യാത്ത പ്രവൃത്തിയുടെ വിവരങ്ങൾ അളവ് ബുക്കിൽ രേഖപ്പെടുത്തി ക്രമ വിരുദ്ധമായി കരാറുകാരന് നൽകിയ 11037/- (3679 X 3) രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. പദ്ധതി നാളിതുവരെ ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഓഡിറ്റിൽ നിരാകരിച്ച തുക കുറവ് ചെയ്ത് ബാക്കിയുള്ള 992340/-രൂപയുടെ ചെലവ് (1003377 – 11037) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-2 വ്യവസായ കോംപ്ലക്സിൽ വനിതകൾക്ക് വിശ്രമ മുറി നിർമ്മാണം - ആവശ്യകത നിർണ്ണയിക്കാതെയുള്ള നിർമ്മാണം

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | S0042/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | : | മനോഹരൻ |
| എം.ബുക്ക് നം. | : | 10,19/20-21 |
| എഗ്രീഡ് പിഎസി | : | 1222371/- |
| പ്രവൃത്തി മൂല്യം | : | 1369405/- |
| ബിൽ നം. | : | 1140014/-(21-22)<br>229391/-(3/30.06.22) |

ബ്ലോക്ക് പഞ്ചായത്ത് വക വ്യവസായ കോംപ്ലക്സിൽ വനിതകൾക്ക് വിശ്രമ മുറി നിർമ്മാണത്തിനായി 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സ്പിൽ ഓവറായി പൂർത്തിയാക്കിയ പദ്ധതിയാണിത്. പദ്ധതി പ്രകാരം ഒരു വിശ്രമ മുറിയും, അതിനോട് ചേർന്ന് 7 ടോയ്‌ലെറ്റുകളുമാണ് നിർമ്മിച്ചിട്ടുള്ളത്. വ്യവസായ കോംപ്ലക്സിൽ നിലവിൽ 4 പേർക്കാണ് മുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളത്. (3 മുറികൾ ഒഴിവുണ്ട്) ഇവിടെയുള്ള ആകെ ആളുകളുടെ എണ്ണം 10 ൽ താഴെ മാത്രമാണ്. ഇവർക്കായി 7 ടോയ്‌ലെറ്റുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യമില്ല. സ്വകാര്യ വ്യക്തികൾക്ക് വാടകയ്ക്ക് മുറികൾ നല്കിയിട്ടുള്ള

സാഹചര്യത്തിൽ വാടകരഹിതമായി ഒരു വിശ്രമ മുറി കൂടി നിർമ്മിച്ച് നൽകേണ്ട ആവശ്യമില്ല. മാത്രമല്ല, നിലവിൽ ഈ "വിശ്രമ" മുറി ഒരു യൂണിറ്റിന്റെ ഉല്പന്നങ്ങൾ സംഭരിച്ച് വെയ്ക്കുന്നതിനുള്ള ഗോഡൗണായാണ് ഉപയോഗിച്ച് വരുന്നതെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. യഥാർത്ഥ ആവശ്യകത നിർണ്ണയിക്കാതെ ഇത്തരത്തിൽ പദ്ധതി ധനം ചെലവഴിച്ചത് ക്രമ വിരുദ്ധമാണ്.

പ്രസ്തുത ചെലവിന് പുറമേ ടി ടോയ്‌ലെറ്റ് സമുച്ചയത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കായി 51750/- രൂപയും (ബിൽ നം. 10/27.3.23) ചെലവഴിച്ചിട്ടുണ്ട്. കരാറുകാരനായ ശ്രീ.ടി.എസ്.ഹരിലാൽ പ്രസ്തുത പ്രവൃത്തി 15.3.23 ൽ പൂർത്തിയാക്കി തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിച്ച് പദ്ധതി ഭൗതിക ലക്ഷ്യം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

സ്ഥാപിച്ചിട്ടില്ലാത്ത നെയിം ബോർഡിന് പ്രതിഫലം നൽകി.

പ്രസ്തുത കെട്ടിടത്തിന് ഗ്രാനൈറ്റ് നെയിം ബോർഡ് സ്ഥാപിക്കുന്നതിനായി 4256/- രൂപ (ജി.എസ്.ടി ഉൾപ്പെടെ) കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം 24.11.23 ൽ നടത്തിയ സ്ഥല പരിശോധനയിൽ ഇത്തരത്തിലൊരു ബോർഡ് സ്ഥാപിച്ചിട്ടില്ലാത്തതായി ബോദ്ധ്യപ്പെട്ടു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/30.11.23) മറുപടി ലഭ്യമാക്കിയില്ല. ചെയ്യാത്ത പ്രവൃത്തിയുടെ വിവരങ്ങൾ അളവ് ബുക്കിൽ രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, ക്രമ വിരുദ്ധമായി കരാറുകാരന് നൽകിയ 4256/- രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | തുക നൽകിയ ഏജൻസി | നൽകിയ തുക | ചെലവഴിച്ച തുക (31-03-2023 ലെ കണക്കുകൾ പ്രകാരം) | നീക്കിബാക്കി |
|---|---|---|---|---|---|---|
| 1 | 101/23 | മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കേരള വാട്ടർ അതോറിറ്റി കുടിവെള്ള പമ്പിംഗ് മോട്ടോറുകൾക്ക് സ്പെയർ വാങ്ങി | കേരള വാട്ടർ അതോറിറ്റി | 1071000 | 0 | 1071000 |

| | | | | | | |
|---|---|---|---|---|---|---|
| | | നൽകൽ | | | | |
| 2 | 5/23 | കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് വാർഡ് 7 ലെ പൊന്നരുട്ട് ക്ഷേത്രസ്ഥലത്തും ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് വാർഡ് 11 ലെ നല്ലാണിക്കൽ എൽ പി എസ് കോമ്പൌണ്ടിലും ട്യൂബ് വെൽ സ്ഥാപിക്കൽ | ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 15,97,000/ | 0 | 15,97,000/ |

4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുക നൽകിയിട്ടില്ല.

4-4 വായ്പ/ വായ്പ തിരിച്ചടവ്

വായ്പയിനത്തിൽ വരവോ വായ്പ തിരിച്ചടവോ ഇല്ല.

4-5 സ്ഥിരനിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-10 | 2007-08 | 3.28(2) | എസ്സ്.ജി ആർവൈ ഭക്ഷ്യധാന്യ വിനിയോഗത്തിലെ ക്രമക്കേടുകൾ | വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ട് എന്നും റിപ്പോർട്ട് ഗവൺമെന്റിലേക്ക് സമർപ്പിക്കപ്പെട്ടു എന്നും സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട് |
| 2017-18 | 2 | 2018-19 | വ്യാവസായിക | | മാറ്റി |

| | | | | |
|---|---|---|---|---|
| | | അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഇ-വേസ്റ്റ്- എം.ആർ.എഫ്. ചെലവഴിച്ച 61.87 ലക്ഷം പാഴാകുന്നു | | സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു |
| 3 | 2018-19 | പൊതു സ്ഥലങ്ങളിലെ എയ്റോബിക് കമ്പോസ്റ്റ് പദ്ധതി നിർവ്വഹണത്തിലെ പാളിച്ചകൾ | | നിലവിൽ പ്രവർത്തിക്കുന്നുണ്ട്. |

## 4-8 ചാർജ് സർച്ചാർജ് നടപടികളുടെ വിവരം

ചാർജ് നടപടികൾ

ഇല്ല

സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 106883169 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 89828102 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 38322 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5003369 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 11037 | രശ്മി.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 4256 | രശ്മി.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 23029 | ഉണ്ണികൃഷ്ണൻ.എൻ, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | | 38322 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 836511 | രശ്മി.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | 155829 | ബ്ലെയിസ് മേരി.ബി, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| 1-18 | 1597000 | ലിജുമോൻ എസ്, സെക്രട്ടറി |
| 1-21 | 720000 | വി.എൻ.പ്രിയ, ക്ഷീരവികസന ഓഫീസർ |
| 1-22 | 23029 | ഉണ്ണികൃഷ്ണൻ, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| 1-23 | 1071000 | ലിജുമോൻ എസ്, സെക്രട്ടറി |
| 1-24 | 600000 | വി.എൻ.പ്രിയ, ക്ഷീരവികസന ഓഫീസർ |
| ആകെ | 5003369 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലിജുമോൻ എസ്.,<br>സെക്രട്ടറി | സെക്രട്ടറി<br>മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | വാഴവിള പുത്തൻ വീട്,<br>ആലഞ്ചേരി,<br>ഏരൂർ പി.ഒ. |
| രശ്മി എൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>നീലംപേരൂർ ഗ്രാമ പഞ്ചായത്ത് | പ്രശാന്തി,<br>കൈത നോർത്ത്,<br>ചെട്ടികുളങ്ങര |
| ബ്ലെയിസ് മേരി.ബി,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | നോയൽ ഡാല,<br>നവജ്യോതി നഗർ,<br>കടപ്പാക്കട, കൊല്ലം |
| വി.എൻ.പ്രിയ,<br>ക്ഷീരവികസന ഓഫീസർ | ക്ഷീരവികസന ഓഫീസർ,<br>മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | മൂടമ്പാടി ഇല്ലം<br>കീരിക്കാട് പി.ഒ<br>രാമപുരം – 690 508 |
| ഉണ്ണികൃഷ്ണൻ എൻ,<br>ഇൻഡസ്ട്രിയൽ<br>എക്സ്റ്റൻഷൻ ഓഫീസർ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | കൃഷ്ണപ്രിയ, കൃഷ്ണപുരം പി.ഒ,<br>കായംകുളം |

4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1995-96 മുതൽ 2005-06 വരെ | എൽ.എഫ്.എ.ബി.പി/1477/10/06.12.10 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ.5-ബിപി അദാലത്ത് 26(75), (76), (77), (77(i)/14 തീയതി. 31.03.2014 |
| 2010-11 | എൽ.എഫ്.എ.ബി.പി/1382/11/07.06.2012 |

| | |
|---|---|
| 2011-12 | എൽ.എഫ്.എ.ബി.പി/10/2013/06.02.2013 |
| 2012-13 | എൽ.എഫ്.എ.ബി.പി/150/2015/18.02.2015 |
| 2013-14 | എൽ.എഫ്.എ.ബി.പി/719/2015/03.07.2015 |
| 2014-15, 2015-16 | കെ.എസ്.എ-എ.എൽ.പി/ബി.പി-242/2017/15.03.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/ബി.പി-306/11/07.12.2011 |
| 2017-2018 | കെ.എസ്.എ-എ.എൽ.പി/ബി.പി-/117/19/08.02.2019 |
| 2018-19 | കെ.എസ്.എ.- എ.എൽ.പി.-167/2020/28.01.20 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/ബി.പി-428/2022/08.07.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/ബി.പി-429/2022/13.07.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/ബി.പി-1594/22/07-02-2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

.

.

.

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 27-07-2023 and submitted on 27-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Muthukulam Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Muthukulam Block Panchayat for the year 2022-2023

Date: 23/12/2023

Senior Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Muthukulam Block Panchayat for the Year 2022-2023 .

**1.Major Observations**

NIl

**2.Other Observations**

1)The following Mandatory financial statements prescribed in accounting rules are not incorporated with AFS.

a)Ratios

b)Notes on accounts

2) Net Increase/Decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

3) Excess depreciation value is included in the cost of the vehicle

4) Advances given for implementation of projects to approved implementing agencies do not include in annual financial statements.

5) Advance register and deposit register are not maintained properly.

6)Accounts of MGNREGS is not included in the AFS.

Demand Collection Balance figures as per Annual Financial Statement does not reflect actual DCB of rent in connection with industrial complexes owned by the Block Panchayat.

Senior Deputy Director
District Audit Office, Alappuzha
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്